**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 424** **21-03-2025 - ൽ മറുപടിയ്ക്ക്**

**കൃഷിയുമായി ബന്ധപ്പെട്ട യോഗങ്ങളുടെ ലൈവ് സ്ട്രീമിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക വികസനവും കർഷകക്ഷേമവും ലക്ഷ്യമിട്ടുള്ള വിവിധ പദ്ധതികളും പ്രവർത്തനങ്ങളും കൂടുതൽ ജനകീയവും സുതാര്യവുമായി നടപ്പിലാക്കുന്നതിന് സഹായിക്കുന്നതരത്തിൽ ഇതുമായി ബന്ധപ്പെട്ട യോഗങ്ങൾ ലൈവ് സ്ട്രീമിംഗ് ചെയ്യുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എന്തൊക്കെയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ; | (എ) | ഉണ്ട്. കാർഷിക വികസനവും കർഷകക്ഷേമവും ലക്ഷ്യമിട്ടുള്ള വിവിധ പദ്ധതികളും പ്രവർത്തനങ്ങളും കൂടുതൽ ജനകീയവും സുതാര്യവുമായി നടപ്പിലാക്കുന്നതിന് സഹായിക്കുന്നതരത്തിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട യോഗങ്ങൾ ലൈവ് സ്ട്രീമിംഗ് ചെയ്യുന്നതിനായി 'Virtual Engagement for Leveraging Interactive Community Honed Agriculture Management (VELICHAM)' എന്ന പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്.<br><br>ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും വർധിപ്പിക്കുക.<br><br>തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയെക്കുറിച്ച് പൊതുജനങ്ങൾക്ക് നേരിട്ടുള്ള അറിവ് നൽകുക.<br><br>സജീവമായ പൊതുജനപങ്കാളിത്തം, പ്രതികരണങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുക.<br><br>പൊതുജനങ്ങളിൽ പ്രതീക്ഷയും വിശ്വാസവും വളർത്തിയെടുക്കുക.<br><br>ഈ പദ്ധതിയിലെ ആദ്യ ഘട്ടത്തിലെ പ്രക്ഷേപണങ്ങൾ പൊതുജന താത്പര്യമുള്ള തെരഞ്ഞെടുക്കപ്പെട്ട യോഗങ്ങളിലേയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.<br><br>പദ്ധതിയുടെ ചിത്രീകരണവും പ്രക്ഷേപണ നിർവഹണവും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖാന്തിരം |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിവരുന്നു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ ഐ.ടി സെൽ ഇതിനാവശ്യമായ പിന്തുണയും സാങ്കേതിക സഹായവും നൽകുന്നു. പ്രക്ഷേപണം ചെയ്യുന്ന യോഗങ്ങളുടെ ഷെഡ്യൂളുകൾ കൃഷി വകുപ്പിന്റെ വെബ്സൈറ്റ്, വിവിധ സാമൂഹിക മാധ്യമങ്ങൾ എന്നിവ മുഖേന പ്രസിദ്ധീകരിക്കുന്നു.<br><br>രഹസ്യ സ്വഭാവം ഔദ്യോഗികമായി കാത്തു സൂക്ഷിക്കേണ്ടതും നിയമപരമായി വിലക്കുള്ളതുമായ യോഗങ്ങൾ പ്രക്ഷേപണം ചെയ്യുന്നതല്ല. വ്യക്തിഗത വിവര സംരക്ഷണവുമായി ബന്ധപ്പെട്ട നിയമങ്ങൾ പാലിച്ചുകൊണ്ടായിരിക്കും പദ്ധതി നടപ്പാക്കുന്നത്.<br><br>പദ്ധതിയുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നതിനും ഉചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുമായി സംസ്ഥാനതല സ്റ്റീയറിംഗ് കമ്മിറ്റിയും സംസ്ഥാനതല നിർവഹണ, നിരീക്ഷണ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. യോഗങ്ങളുടെ പ്രവർത്തനം ശാസ്ത്രീയമായി വിലയിരുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ പിന്തുണ നൽകുന്നതിനുമായി സ്റ്റാർട്ടപ്പുകളെ തെരഞ്ഞെടുക്കുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സർക്കാർ സംവിധാനത്തിൽ ജനങ്ങളുടെ വിശ്വാസം വളർത്തുന്നതിനും പൊതുജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമാണെന്ന് വിശദമാക്കുമോ; | (ബി) | ഉണ്ട്. കാർഷിക വികസനവും കർഷകക്ഷേമവും ലക്ഷ്യമിട്ടുള്ള വിവിധ പദ്ധതികളും പ്രവർത്തനങ്ങളും കൂടുതൽ ജനകീയവും സുതാര്യവുമായി നടപ്പിലാക്കുന്നതിന് സഹായിക്കുന്നതരത്തിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട യോഗങ്ങൾ ലൈവ് സ്ട്രീമിംഗ് ചെയ്യുന്നതിനായി 'Virtual Engagement for Leveraging Interactive Community Honed Agriculture Management (VELICHAM)' എന്ന പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്.<br><br>ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും വർധിപ്പിക്കുക.<br><br>തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയെക്കുറിച്ച് പൊതുജനങ്ങൾക്ക് നേരിട്ടുള്ള അറിവ് നൽകുക.<br><br>സജീവമായ പൊതുജനപങ്കാളിത്തം, പ്രതികരണങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുക.<br><br>പൊതുജനങ്ങളിൽ പ്രതീക്ഷയും വിശ്വാസവും വളർത്തിയെടുക്കുക. |

| | | | |
|---|---|---|---|
| | | | ഈ പദ്ധതിയിലെ ആദ്യ ഘട്ടത്തിലെ പ്രക്ഷേപണങ്ങൾ പൊതുജന താത്പര്യമുള്ള തെരഞ്ഞെടുക്കപ്പെട്ട യോഗങ്ങളിലേയ്ക്ക് മാത്രമായി പരമിതപ്പെടുത്തിയിരിക്കുന്നു.<br><br>പദ്ധതിയുടെ ചിത്രീകരണവും പ്രക്ഷേപണ നിർവഹണവും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖാന്തിരം നടപ്പിലാക്കിവരുന്നു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ ഐ.ടി സെൽ ഇതിനാവശ്യമായ പിന്തുണയും സാങ്കേതിക സഹായവും നൽകുന്നു. പ്രക്ഷേപണം ചെയ്യുന്ന യോഗങ്ങളുടെ ഷെഡ്യൂളുകൾ കൃഷി വകുപ്പിന്റെ വെബ്സൈറ്റ്, വിവിധ സാമൂഹിക മാധ്യമങ്ങൾ എന്നിവ മുഖേന പ്രസിദ്ധീകരിക്കുന്നു.<br><br>രഹസ്യ സ്വഭാവം ഔദ്യോഗികമായി കാത്തു സൂക്ഷിക്കേണ്ടതും നിയമപരമായി വിലക്കുള്ളതുമായ യോഗങ്ങൾ പ്രക്ഷേപണം ചെയ്യുന്നതല്ല. വ്യക്തിഗത വിവര സംരക്ഷണവുമായി ബന്ധപ്പെട്ട നിയമങ്ങൾ പാലിച്ചുകൊണ്ടായിരിക്കും പദ്ധതി നടപ്പാക്കുന്നത്.<br><br>പദ്ധതിയുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നതിനും ഉചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുമായി സംസ്ഥാനതല സ്റ്റീയറിംഗ് കമ്മിറ്റിയും സംസ്ഥാനതല നിർവഹണ, നിരീക്ഷണ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. യോഗങ്ങളുടെ പ്രവർത്തനം ശാസ്ത്രീയമായി വിലയിരുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ പിന്തുണ നൽകുന്നതിനുമായി സ്റ്റാർട്ടപ്പുകളെ തെരഞ്ഞെടുക്കുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംപ്രേഷണം ചെയ്യുന്ന യോഗങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ അറിയിക്കുന്നതിനും ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തുന്നതിനും സാധ്യമാണോ; ഇത് സർക്കാരിന്റെ നയരൂപീകരണ പ്രക്രിയകളെ മെച്ചപ്പെടുത്താൻ സഹായിക്കുമോ; വിശദമാക്കുമോ? | (സി) | സാധ്യമാണ്. പ്രക്ഷേപണം നടത്തുന്ന യോഗങ്ങൾ തത്സമയം വീക്ഷിക്കുന്നതിനും തങ്ങളുടെ അഭിപ്രായങ്ങൾ അറിയിക്കുന്നതിനും വിവിധ സാമൂഹിക മാധ്യമ പ്ലാറ്റ്ഫോമുകളിലൂടെ പൊതുജനങ്ങൾക്ക് സാധ്യമാണ്. കൂടാതെ വകുപ്പിന്റെ വിവിധ പദ്ധതികൾ/നയങ്ങൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നതിനും ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തുന്നതിനും തങ്ങളുടെ അഭിപ്രായങ്ങൾ തത്സമയം രേഖപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് സാദ്ധ്യമാകുന്നു. ഇത്തരത്തിൽ ലഭ്യമാകുന്ന അഭിപ്രായങ്ങൾ വിശദമായി പരിശോധിച്ച് ക്രോഡീകരിച്ച് പദ്ധതി നിർവഹണം, നയരൂപീകരണം എന്നിവയിൽ അനുയോജ്യമായ മാറ്റങ്ങൾ |

| | | | |
|---|---|---|---|
| | | | വരുത്തുവാനും പ്രവർത്തന സുതാര്യത കൈവരിക്കുവാനും സാധിക്കും. |

സെക്ഷൻ ഓഫീസർ